പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ദേശീയ പാതാ ആക്ടനുസരിച്ചുള്ള നഷ്ടപരിഹാരംമാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂയെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുകയാണ്.

(ഇ) ഉണ്ട്. അവ വിവിധ തലങ്ങളിൽ പരിശോധിച്ചുവരികയാണ്.

(എഫ്) ത്വരിതപ്പെടുത്തും.

ദേശീയപാതകൾ വീതികൂട്ടുന്നതിന് നടപടി

188 (638) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകൾ വീതികൂട്ടി വികസിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ദേശീയപാതകൾ ; എത്ര മീറ്ററിൽ വീതികൂട്ടാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) വികസിപ്പിക്കുമ്പോൾ ബി.ഒ.ടി. വ്യവസ്ഥ ഒഴിവാക്കി ടോൾ ഫ്രീയായി പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) പാതവികസനത്തോടൊപ്പം കുടിയൊഴിപ്പിക്കപ്പെടുന്നവർക്കും ഭൂമി നഷ്ടപ്പെടുന്നവർക്കും ഉപജീവനമാർഗ്ഗമില്ലാതാവുന്നവർക്കും നഷ്ടപരിഹാരം നൽകി അവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും ;

(ഇ) ഇതിനായി കേന്ദ്രസഹായമഭ്യർത്ഥിച്ച് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൻ.എച്ച്. 17, എൻ.എച്ച്. 47 എന്നിവ എൻ.എച്ച്.ഡി.പി. ഫെയ്സ് II-ലും III-ലും ഉൾപ്പെടുത്തി 45 മീറ്റർ വീതിയിൽ നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ പദ്ധതിയിട്ട് നടപ്പിലാക്കിവരുന്നു. മറ്റ് എൻ.എച്ച്.-കൾ (എൻ.എച്ച്.-49, എൻ.എച്ച്.- 208, എൻ.എച്ച്. - 212 എൻ.എച്ച്. - 213, എൻ.എച്ച്. - 220) എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ ഇരട്ടവരി പാതയാക്കി വികസിപ്പിക്കുവാനുള്ള പദ്ധതി എൻ.എച്ച്., ഡി.പി. ഫെയ്സ് IV-ൽ വിഭാവനം ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള സാധ്യതാപഠനം നടന്നുവരുന്നു.

(സി) എൻ.എച്ച്., ഡി.പി.-യിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ BOT വ്യവസ്ഥയിലോ DBFOT വ്യവസ്ഥയിലോ ചെയ്യുവാനാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) ദേശീയപാത 17, 47 എന്നിവയുടെ വികസനത്തിനായി സ്ഥല മേറ്റെടുക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച കമ്പോളവില നൽകുക, വീടും വാണിജ്യ സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ തൊട്ടുപിന്നിലെ വസ്തുവിൽ വീടുകളും വാണിജ്യ സ്ഥാപനങ്ങളും നിർമ്മിച്ച് പ്രശ്നരഹിതമായി സ്ഥലമേറ്റെടുപ്പ് പ്രക്രിയനടത്തുക, ഇത് നടപ്പിലാക്കാൻ കഴിയാത്ത ഭാഗത്ത് പ്രത്യേകമായി ഷോപ്പിംഗ് കോംപ്ലക്സ്/ വീട് എന്നിവ നിർമ്മിച്ചുനൽകുക. സ്വന്തം ഭൂമിയിൽ ബിസിനസ് നടത്തുന്നവർക്ക് നടപ്പുവർഷത്തെ റേറ്റ് ഷെഡ്യൂളും 25 ശതമാനവുംകൂടി ചേർത്ത് കെട്ടിടവില നിർണ്ണയിക്കുകയും വസ്തുവിന് ജില്ലാതല ഉപദേശക കമ്മിറ്റി തീരുമാനിക്കുന്ന കമ്പോളവില നൽകുകയുംചെയ്യുക, വാടകയ്ക്ക് സ്ഥാപനങ്ങൾ നടത്തുന്നവർക്ക് നഷ്ടപ്പെടുന്ന വസ്തുവിന്റെ കമ്പോളവിലയുടെ 10 ശതമാനത്തിന് തുല്യമായ തുക നൽകുക, സ്ഥലമെടുപ്പു കാരണം തൊഴിൽരഹിതരാകുന്നവർക്ക് Industrial Dispute Act പ്രകാരമുള്ള നഷ്ടപരിഹാരം നൽകുക, സർക്കാർ പുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി താമസിക്കുന്നവർക്കും ചെറിയ കച്ചവടം നടത്തി ഉപജീവനം നടത്തുന്നവർക്കും പൊളിച്ചുമാറ്റപ്പെടുന്ന കെട്ടിടത്തിന്റെ വിലയും പുനരധി വാസത്തിനായി ഒരു ലക്ഷം രൂപയും നൽകുകയും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 6 മാസത്തേക്ക് നിയമം അനുശാസിക്കുന്ന മിനിമം വേതനവും നൽകുക, പൊളിച്ച് മാറ്റപ്പെടേണ്ടിവരുന്ന ആരാധനാലയങ്ങൾക്ക് പകരം അനുയോജ്യമായ സ്ഥലത്ത് അവ സർക്കാർ ചെലവിൽ നിർമ്മിച്ചുനൽകുക തുടങ്ങി സമഗ്രമായ ഒരു പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി 20-9-2010-ന് സമർപ്പിച്ചത്. എന്നാൽ ദേശീയ പാതാ ആക്ടനുസരിച്ചുള്ള നഷ്ടപരിഹാരം മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ദേശീയപാതകളുടെ വികസനത്തിന് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള തുക

189 (639) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന് കേന്ദ്രസർക്കാർ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത തുക എത്ര ദേശീയപാതകളുടെ വികസനത്തിനായി ട്ടാണ് ഉപയോഗിക്കേണ്ടത് ;

(സി) കേന്ദ്രസർക്കാരിന്റെ നിബന്ധന അനുസരിച്ച് ദേശീയപാത വികസനത്തിന് സ്ഥലം ഏറ്റെടുത്തുനൽകാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ചെയ്യുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly